# കേരളസർവകലാശാല

നം.പി.ആർ.243/2020

## പത്രക്കുറിപ്പ്

### കോവിഡ് 19 കാരണം പരീക്ഷ എഴുതാൻ കഴിയാത്ത ബിരുദ ബിരുദാനന്തര ബിരുദ വിദ്യാർഥികൾക്ക് പ്രത്യേക പരീക്ഷയ്ക്ക് അപേക്ഷിക്കാം.

കോവിഡ് -19 കാരണം മാർച്ച് 2020ലെ നാലാം സെമസ്റ്റർ ബി.എ /ബി.എസ് സി /ബി.കോം സി. ബി. സി.എസ് /സി ആർ,നാലാം സെമസ്റ്റർ പി. ജി (എം.എ /എം.എസ്.സി, എം. കോം ) ജൂലൈ 2020 എന്നീ പരീക്ഷകൾ എഴുതാൻ സാധിക്കാത്ത വിദ്യാർഥികൾക്ക് സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്.വിദ്യാർത്ഥികൾ അവരുടെ പേര് കാൻഡിഡേറ്റ് കോഡ് പ്രോഗ്രാം കോഴ്സ് കോഡ് എന്നിവ അടങ്ങിയ അപേക്ഷ ആരോഗ്യ വകുപ്പിന്റെയോ,തദ്ദേശസ്വയംഭരണ വകുപ്പിന്റെയോ സാക്ഷ്യപത്രങ്ങൾ സഹിതം ഡിസംബർ 21 നകം അതത് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

### പുതിയ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് അപേക്ഷിക്കാം

കേരള സർവ്വകലാശാലയുടെ പഠനവകുപ്പുകളിൽ 2020-2021 വർഷം പുതുതായി ആരംഭിക്കുന്ന എം.എ പൊളിറ്റിക്സ്, ഇന്റെർനാഷണൽ റിലേഷൻസ് & ഡിപ്ളമസി, എം.എസ്.സി ഫിസിക്സ്(സ്പെസിലൈസേഷൻ ഇൻ സ്പെയ്സ് ഫിസിക്സ്), എം.എസ് സി കെമിസ്ട്രി (സ്പെസിലൈസേഷൻ ഇൻ റിന്യൂയബിൾ എനർജി) എന്നീ കോഴ്സുകൾക്ക് 2020 ഡിസംബർ 9 മുതൽ ഓൺലൈനായി അപേക്ഷിക്കാം. പ്രവേശന പരീക്ഷയുടെ മാർക്ക് അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2020 ഡിസംബർ 16 വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്
**(admissions.keralauniversity.ac.in)**

### പുതുക്കിയ പരീക്ഷാതീയതി

2020 ഡിസംബർ 4 ന് ഗവൺമെന്റ് കോളേജ് ഫോർ വിമൻ തിരുവനന്തപുരത്ത് നടത്താനിരുന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് പ്രാക്ടിക്കൽ പരീക്ഷ 2020 ഡിസംബർ 11 ന് നടത്തുന്നതാണ്.

2020 ആഗസ്റ്റിൽ നടത്തേണ്ടിയിരുന്ന ഒന്നാം വർഷ ബി.എഫ്.എ (ഇന്റഗ്രേറ്റഡ്) പരീക്ഷകൾ 2020 ഡിസംബർ 21 ലേയ്ക്ക് പുനർക്രമീകരിച്ചിരിക്കുന്നു.വിശദമായ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫലം

2020 ജനുവരി നടന്ന രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബികോ എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി പരീക്ഷഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്കും പുനർ മൂല്യ നിർണയത്തിനും ഡിസംബർ 18 വരെ അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പി.എച്ച്.ഡി എൻട്രൻസ് പരീക്ഷ

കേരള സർവകലാശാലയുടെ ഈ വർഷത്തെ പി.എച്ച്.ഡി എൻട്രൻസ് പരീക്ഷക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്കുള്ള പ്രവേശന പരീക്ഷ 2020 ഡിസംബർ 20 ന് ഞായറാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ കാര്യവട്ടം, യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിലും മറ്റു ഹാളുകളിലുമായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പരീക്ഷ പൂർണ്ണമായും കോവിഡ്-19 മാനദണ്ഡം പാലിച്ച് നടത്തുന്നതായിരിക്കും. പരീക്ഷ ആരംഭിക്കുന്നതിനു 30 മിനിറ്റ് മുൻപ് തന്നെ എല്ലാവരും നിശ്ചിത ഹാളിൽ ഹാജരാകേണ്ടതാണ്. പ്രവേശന പരീക്ഷക്കുള്ള ഹാൾടിക്കറ്റ് 2020 ഡിസംബർ 15-ാം തീയതി മുതൽ അവരവരുടെ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. കുടുതൽ വിവരങ്ങൾക്ക് 0471-2386484 എന്ന നമ്പറിലും academic.b1@gmail.com എന്ന **e-mail** വഴിയും ബന്ധപ്പെടുവുന്നതാണ്.

എക്സാം സെന്ററിനടുത്തുള്ള റെയിൽവേ സ്റ്റേഷൻ - കഴക്കൂട്ടം

എക്സാം സെന്ററിനടുത്തുള്ള ബസ് സ്റ്റോപ്പ് - കാര്യവട്ടം

## എം.ടെക് സ്പോട്ട് അഡ്മിഷൻ

എം.ടെക് പ്രോഗ്രാമിന്റെ രണ്ടു ഒഴുവിലേയ്ക്ക് (പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗം) ഒപ്ടോഇലക്ട്രോണിക്സ് പഠന വകുപ്പിൽ വെച്ച് ഡിസംബർ 08-ൽ (നാളെ )നടത്താനിരുന്ന സ്പോട്ട് അഡ്മിഷൻ പഞ്ചായത്ത് തിരഞ്ഞെടുപ്പ് മൂലം ഡിസംബർ 09-ലേയ്ക്ക് മാറ്റി. വിദ്യാർത്ഥികൾ അന്നേ ദിവസം ഉച്ചയ്ക്ക് 02 മണിയ്ക്ക് കാര്യവട്ടത്തുള്ള കേരള സർവ്വകലാശാല ഒപ്ടോഇലക്ട്രോണിക്സ് പഠന വകുപ്പിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2308167 എന്ന നമ്പറുമായി ബന്ധപ്പെടുക.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം**
07.12.2020

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**